16426
27/11/15

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി വികസനം - ജീവനക്കാര്യം - പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിലെ നിയമനം - സ്പെഷ്യൽ റൂൾ ഭേദഗതി - നിയമനങ്ങൾ നടത്തുന്നതു സംബന്ധിച്ച് ഡയറക്ടർക്ക് മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

**സ.ഉ. (സാധാ)നം. 1925 /2015/പജപവവിവ. തീയതി, തിരുവനന്തപുരം, 25.11.2015**

പരാമർശം:
1. സ. ഉ. (സാധാ) നം. 436/2013/പജപവവിവ. തീയതി, 23.03.2013
2. സ. ഉ. (സാധാ) നം. 1815/2013/പജപവവിവ. തീയതി, 06.12.2013
3. സ. ഉ. (സാധാ) നം. 1073/2015/പജപവവിവ. തീയതി, 04.07.2015
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22.04.2015 ലെ ജി.ആർ IV.ബി(3) 30940/08/ഗ.വി നമ്പർ കത്ത്
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 08.07.2015 ലെ എസ്റ്റാ-എ 3-17905/15 നമ്പർ കത്ത്

**ഉത്തരവ്**

പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിലേക്കുള്ള നിയമനരീതിയിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് സൂചന(1) ഉത്തരവിലൂടെ സർക്കാർ തത്ത്വത്തിൽ തീരുമാനമെടുക്കുകയും ആയതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പി.എസ്.സിയ്ക്ക് നോട്ടിഫൈ ചെയ്ത വേക്കൻസികളിലെല്ലാം നിയമനം നടത്തിക്കഴിഞ്ഞതിനുശേഷം, ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് വരെ പി.എസ്.സി. വഴിയുള്ള നിയമനം നടത്താതിരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനത്തിന് അഡ്വൈസ് നല്കിയ സാഹചര്യത്തിലും പട്ടികജാതി വികസന വകുപ്പിൽ നിന്നും നിയമന ഉത്തരവ് ലഭിക്കാതിരുന്ന ഉദ്യോഗാർത്ഥികൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 785/2014 മേലുള്ള 30.03.2015-ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, പരാമർശം (4)ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും PSC യ്ക്ക് റിപ്പോർട്ട് ചെയ്ത 11 ഒഴിവുകളിലും അടിയന്തിരമായി നിയമനം നല്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിക്കൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പി.എസ്.സി മുഖേന വിജ്ഞാപനം ചെയ്ത / അഡ്വൈസ് ചെയ്ത തസ്തികകളിലേക്ക് നിയമനം നടത്തിക്കഴിഞ്ഞ സാഹചര്യത്തിൽ പരാമർശം(3) ഉത്തരവ് പുനഃപരിശോധിച്ച് വകുപ്പിൽ നിലവിലുള്ള ഭരണപരവും സർവ്വീസ് സംബന്ധവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം(5) കത്തിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് - II തസ്തികയിൽ പി.എസ്.സി ശുപാർശ ചെയ്ത 11 ഉദ്യോഗാർത്ഥികൾക്കും നിയമനം നല്കിക്കഴിഞ്ഞ സാഹചര്യത്തിൽ, പ്രസ്തുത തസ്തികയിലേക്കുള്ള നിയമനരീതിയിൽ മാറ്റം വരുത്തിക്കൊണ്ട് കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് വരെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് - II തസ്തികയിലേക്ക് പി.എസ്.സി വഴിയുള്ള നിയമനം നിർത്തിവയ്ക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്. യു. രാജീവ്
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. ( ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ